# ഖുർആൻ ലളിതസാരം


ശൈഖ് മുഹമ്മദ് കാരകുന്ന്

വാണിദാസ് എളയാവൂര്



**ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്**

കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ



QUR'AN LALITHASARAM *(Malayalam)*

(Islam/Religion)

By *Shaikh Muhammed Karakunnu,*
*Vanidas Elayavoor*

Publishers:

**DIALOGUE CENTRE KERALA**

Hira Centre, Kozhikode

Kerala State, India

E-mail: dialogueck@gmail.com

Web: islammalayalam.com

First Published: December 2003

Nineth Edition: May 2010

Cover : Nasar Eramangalam

Printers: Printarts Offset, Feroke



Rights with the Publishers



Distribution:

**I.P.H. Fourland Building, Rajaji Road, Kozhikode-4, E-mail : iphcalicut@gmail.com**
**I.P.H, M.P. Road, Kozhikode - 673 001**
**I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034**
**I.P.H, Madeena Masjid Complex, Padma Jn. Pullepady, Kochi - 35**
**I.P.H, I.P.H. Tower, P.O. Road, Thrissur-1**
**I.P.H, Kohinoor Arcade, Opp. Noor Masjid, Kannur -1**
**IPH, Masjid Building, Kunnumal, Malappuram- 676 505**

**Price Rs : 400.00**

QUL 1 Sub 20, SN 448/2000 TC 25000 ISBN 978-81-8271-565-3

# ആമുഖം

**മു**ഹമ്മദ്നബി(സ) അല്ലാഹുവിന്റെ അന്ത്യദൂതനാണ്. ക്രിസ്ത്വബ്ദം 571-ൽ മക്കാ മരുഭൂമിയിലാണ് അദ്ദേഹം ജനിച്ചത്. പിറവിക്കു മുമ്പേ പിതാവ് അബ്ദുല്ല പരലോകം പ്രാപിച്ചു. ആറാമത്തെ വയസ്സിൽ മാതാവ് ആമിനയും അന്ത്യശ്വാസം വലിച്ചു. പിതാവിന്റെ മരണശേഷം പരിരക്ഷണം ഏറ്റെടുത്ത പിതാമഹൻ അബ്ദുൽ മുത്ത്വലിബ് രണ്ടു വർഷം പൂർത്തിയാവും മുമ്പെ വിടപറഞ്ഞു. പിൽക്കാല സംരക്ഷണ ബാധ്യത പിതൃവ്യൻ അബൂത്വാലിബിൽ വന്നുചേർന്നു. അദ്ദേഹം സാമ്പത്തിക പ്രയാസമനുഭവിക്കുന്ന വ്യക്തിയായിരുന്നു. അത് അനാഥത്വത്തോടൊപ്പം ദാരിദ്ര്യവും പ്രവാചകനെ പിടികൂടാൻ കാരണമായി.

ചെറുപ്പത്തിൽ തന്നെ ഇടയവൃത്തിയിലേർപ്പെട്ട മുഹമ്മദ് നബിക്ക് അക്ഷരാഭ്യാസം നേടാൻ അവസരം ലഭിച്ചിരുന്നില്ല. 'വിശ്വസ്തൻ' എന്നർഥം വരുന്ന 'അൽഅമീൻ' എന്ന അപരനാമത്തിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്.

മക്ക കവികളുടെയും പ്രസംഗകരുടെയും സാഹിത്യകാരൻമാരുടെയും നാടായിരുന്നെങ്കിലും മുഹമ്മദ് നബി പാഠശാലകളിൽ പോവുകയോ മതചർച്ചകളിൽ പങ്കെടുക്കുകയോ സാഹിത്യ സദസ്സുകളിൽ സംബന്ധിക്കുകയോ ചെയ്തിരുന്നില്ല. നാൽപതു വയസ്സുവരെ അദ്ദേഹം ഒരൊറ്റ വരി ഗദ്യമോ പദ്യമോ രചിച്ചിരുന്നില്ല. പ്രസംഗപാടവം പ്രകടിപ്പിച്ചിരുന്നില്ല. സവിശേഷമായ സർഗസിദ്ധിയുടെ അടയാളമൊന്നും അദ്ദേഹത്തിൽ ദൃശ്യമായിരുന്നുമില്ല.

ആത്മീയതയോട് അതി തീവ്രമായ ആഭിമുഖ്യമുണ്ടായിരുന്ന മുഹമ്മദ് മക്കയിലെ മലിനമായ അന്തരീക്ഷത്തിൽനിന്ന് മാറി ധ്യാനത്തിലും പ്രാർഥനയിലും വ്യാപൃതനായി. ഏകാന്തവാസം ഏറെ ഇഷ്ടപ്പെട്ടു. നാൽപതാമത്തെ വയസ്സിൽ മക്കയിൽ നിന്ന് മൂന്ന് കിലോമീറ്റർ വടക്കുള്ള മലമുകളിലെ ഹിറാഗുഹയിൽ ധ്യാനനിരതനായിരിക്കുക പതിവായിരുന്നു. അങ്ങനെ ഒരു നാൾ ഗുഹയിലായിരിക്കെ മലക്ക് ജിബ്രീൽ(അ) അദ്ദേഹത്തെ സമീപിച്ച് കൽപിച്ചു: 'വായിക്കുക!' ഇതു കേട്ട നബിതിരുമേനി(സ) മൊഴിഞ്ഞു: 'എനിക്കു വായിക്കാനറിയില്ല.' മലക്ക് വീണ്ടും വായിക്കാനാവശ്യപ്പെട്ടു. പ്രവാചകൻ തന്റെ മറുപടിയും ആവർത്തിച്ചു. മൂന്നാമതും വായിക്കാനാവശ്യപ്പെ

ട്ടപ്പോൾ മുഹമ്മദ്(സ) ചോദിച്ചു: 'എന്താണ് ഞാൻ വായിക്കേണ്ടത്?' അപ്പോൾ മലക്ക് ജിബ്‌രീൽ പറഞ്ഞുകൊടുത്തു: "സൃഷ്ടിച്ചവനായ നിന്റെ നാഥന്റെ നാമത്തിൽ നീ വായിക്കുക. അവൻ മനുഷ്യനെ ഒട്ടിപ്പിടിക്കുന്നതിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. വായിക്കുക. നിന്റെ നാഥൻ അത്യുദാരനാണ്. പേനകൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യനെ അവനറിയാത്തത് അഭ്യസിപ്പിച്ചവൻ"(96:1-5). ആദ്യം അവതീർണമായ ഖുർആൻ സൂക്തങ്ങളിവയാണ്.

അങ്ങനെ ഹൃദയം നിറയെ ഹിറാഗുഹയിൽനിന്നു ലഭിച്ച വേദവെളിച്ചവും ചുണ്ടുകളിൽ ദിവ്യവചനങ്ങളുമായാണ് മുഹമ്മദ് നബി(സ) വീട്ടിൽ തിരിച്ചെത്തിയത്. തുടർന്ന് നീണ്ട ഇരുപത്തിമൂന്ന് വർഷങ്ങളിലായി വിവിധ സന്ദർഭങ്ങളിൽ അദ്ദേഹത്തിന് അവതീർണമായ ദിവ്യവചനങ്ങളുടെ സമാഹാരമാണ് ഖുർആൻ. അത് സാധാരണ അർഥത്തിലുള്ള ഗദ്യമോ പദ്യമോ കഥയോ കവിതയോ അല്ല. തീർത്തും സവിശേഷമായ ശൈലിയാണ് ഖുർആന്റേത്. അതിനെ അനുകരിക്കാനോ അതിനോട് മത്സരിക്കാനോ കിടപിടിക്കാനോ ഇന്നോളം ആർക്കും സാധിച്ചിട്ടില്ല. ലോകാവസാനം വരെ ആർക്കും സാധിക്കുകയുമില്ല. നിരവധി നൂറ്റാണ്ടുകളിലെ എണ്ണമറ്റ കവികളും സാഹിത്യകാരൻമാരും അതിനോട് എതിരിടാൻ ശ്രമിച്ച് പരാജിതരായി പിൻമാറിയിട്ടുണ്ട്. പ്രവാചകന്റെ കാലംതൊട്ടിന്നേവരെ, ഖുർആനോട് കിടപിടിക്കുന്ന ഒന്നു കൊണ്ടുവരാൻ കൊതിച്ചവരെല്ലാം വിസ്മയഭരിതരായി തോൽവി സമ്മതിക്കുകയാണുണ്ടായത്. നബിതിരുമേനി(സ)യുടെ കാലത്തെ പ്രമുഖ സാഹിത്യകാരൻമാരായിരുന്ന ലബീദും ഹസ്സാനും കഅ്ബുബ്നു സുഹൈറുമെല്ലാം ഖുർആന്റെ മുമ്പിൽ നിരുപാധികം കീഴടങ്ങിയവരിൽപെടുന്നു.

നബിതിരുമേനി(സ)യും അനുചരൻമാരും തങ്ങളുടെ ജീവിതത്തിൽ അഭിമുഖീകരിച്ച വ്യത്യസ്ത സ്വഭാവത്തിലുള്ള പ്രശ്നങ്ങൾക്ക് പ്രപഞ്ചനാഥൻ നിർദേശിക്കുന്ന പരിഹാരമെന്ന നിലയിലാണ് പലപ്പോഴും ഖുർആൻ സൂക്തങ്ങൾ അവതരിച്ചുകൊണ്ടിരുന്നത്.

ഖുർആൻ അല്ലാഹുവിന്റെ സന്ദേശമാണ്. അത് മുഴുവൻ മനുഷ്യർക്കുമുള്ളതാണ്. എല്ലാവരും അതിൽ സമാവകാശികളുമാണ്. ആർക്കും അതിലൊരു പ്രത്യേകാവകാശവുമില്ല. പാരായണം നടത്തുകയും പഠിക്കുകയും ചെയ്യുന്നവർ ഈ ബോധത്തോടെ അത് നിർവഹിക്കുമ്പോൾ അവർ അല്ലാഹുവുമായി ബന്ധപ്പെടുന്നു. അല്ലാഹു തങ്ങളോട് സംസാരിക്കുന്നതായും കൽപനകളും നിർദേശങ്ങളും നൽകുന്നതായും അനുഭവപ്പെടുന്നു. അങ്ങനെ അല്ലാഹുവിന്റെ സംബോധിതനാവുകയെന്ന മഹാഭാഗ്യം സിദ്ധിക്കുന്നു. മുഴുലോകത്തിന്റെയും സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിന്റെ സന്ദേശത്തിന് അർഹനാവുന്നതിനെക്കാൾ മഹത്തായ അനുഗ്രഹം മറ്റെന്തുണ്ട്?

'ഖുർആൻ' എന്നാൽ വായന എന്നർഥം. ലോകത്ത് ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന ഗ്രന്ഥം ഖുർആനാണ്. നൂറുകോടിയിലേറെ ജനങ്ങൾ അതു വായിക്കുന്നു. പത്തും ഇരുപതും തവണയല്ല; നൂറും ഇരുന്നൂറും തവണ. ആയിരത്തിനാനൂറ് വർഷമായി ഇത് ഇടവിടാതെ തുടർന്നു വരുന്നു.



ഇന്നോളം ഇതിനു മുടക്കം വന്നിട്ടില്ല. ഇനി വരികയുമില്ല. ഖുർആൻ എത്ര തവണ വായിച്ചാലും മടുപ്പുണ്ടാവില്ല. ഓരോ പാരായണവും പുതിയ പാരായണത്തിന് പ്രേരിപ്പിക്കുന്നു. അത് ഹൃദിസ്ഥമാക്കിയവർ അനേക ലക്ഷമാണ്. അർഥം അറിയുന്നവരും അറിയാത്തവരും അവരിലുണ്ട്. അത് മനഃപാഠമാക്കിയ അനേകായിരങ്ങളില്ലാത്ത കാലമുണ്ടായിട്ടില്ല.

ഖുർആന്റെ ആശയമെന്നതുപോലെ ഭാഷയും ദൈവികമാണ്. അത് മനുഷ്യന് വിജയത്തിന്റെ വഴി കാണിച്ചുകൊടുക്കുന്നു. അംഗീകരിക്കുന്നവരെ നേർവഴിയിൽ നടത്തുന്നു. ഇരുളകറ്റി പ്രകാശം പരത്തുന്നു. ഐഹിക ക്ഷേമവും പരലോകരക്ഷയും ഉറപ്പുവരുത്തുന്നു.

അതിന്റെ ഉള്ളടക്കം അനുവാചകരിൽ ഉൾക്കിടിലമുണ്ടാക്കുന്നു. ഹൃദയങ്ങളിൽ പ്രകമ്പനം സൃഷ്ടിക്കുന്നു. മനസ്സുകളെ കാരുണ്യനിരതമാക്കുന്നു. കരളിൽ കുളിരു പകരുന്നു. സിരകളിലേക്ക് കത്തിപ്പടരുന്നു. മസ്തിഷ്കങ്ങളിൽ മിന്നൽപ്പിണരുകൾപോലെ പ്രഭ പരത്തുന്നു. അങ്ങനെ അതവരെ അഗാധമായി സ്വാധീനിക്കുന്നു. പരിപൂർണമായി പരിവർത്തിപ്പിക്കുന്നു.

വിശ്വാസം, ജീവിതവീക്ഷണം, ആചാരം, ആരാധന, അനുഷ്ഠാനം, സ്വഭാവം, പെരുമാറ്റം- എല്ലാറ്റിലും മാറ്റമുണ്ടാക്കുന്നു. വികാരം, വിചാരം, സമീപനം, സങ്കൽപം- സകലതിനെയും നിയന്ത്രിക്കുന്നു. ശരീരത്തെ കരുത്തുറ്റതും മനസ്സിനെ സംസ്കൃതവും ആത്മാവിനെ ഉൽകൃഷ്ടവും ചിന്തയെ പക്വവും വിവേകത്തെ വികസിതവുമാക്കുന്നു. വിനയത്തിന്റെയും വിട്ടുവീഴ്ചയുടെയും വികാരങ്ങൾ വളർത്തുന്നു. സ്ഥൈര്യത്തിന്റെയും ക്ഷമയുടെയും പാഠങ്ങൾ അഭ്യസിപ്പിക്കുന്നു. വിശ്വാസത്തെയും ജീവിതത്തെയും കൂട്ടിയിണക്കുന്നു. വാക്കുകളെയും കർമങ്ങളെയും കോർത്തിണക്കുന്നു. വിപ്ലവത്തെയും വിമോചനത്തെയും പരസ്പരം ബന്ധിപ്പിക്കുന്നു. പഞ്ചേന്ദ്രിയങ്ങളുടെ പരിമിതിയിൽപെട്ടുഴലുന്ന മനുഷ്യന്റെ മുമ്പിൽ അഭൗതിക ജ്ഞാനത്തിന്റെ അറകൾ തുറന്നുവെക്കുന്നു. വ്യക്തിജീവിതം, കുടുംബഘടന, സമൂഹസംവിധാനം, സാമ്പത്തിക സമീപനം, രാഷ്ട്രീയക്രമം, ഭരണനിർവഹണം- മുഴുമേഖലകളെയും ഖുർആൻ പുനഃസംവിധാനിക്കുന്നു.

ഖുർആൻ സ്പർശിക്കാത്ത വശമില്ല. കൈകാര്യം ചെയ്യാത്ത വിഷയങ്ങളില്ല. ചരിത്രം, ഭൂമിശാസ്ത്രം, ശരീരശാസ്ത്രം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം, സാമൂഹികശാസ്ത്രം, തത്ത്വശാസ്ത്രം, മനഃശാസ്ത്രം, കുടുംബകാര്യങ്ങൾ, സാമ്പത്തികക്രമങ്ങൾ, രാഷ്ട്രീയനിയമങ്ങൾ, സദാചാര നിർദേശങ്ങൾ, ധാർമിക തത്ത്വങ്ങൾ, സാംസ്കാരിക വ്യവസ്ഥകൾ എല്ലാം ഖുർആനിലുണ്ട്. എന്നാൽ സാങ്കേതികാർഥത്തിൽ ഇവയൊന്നും വിവരിക്കുന്ന ഗ്രന്ഥമല്ല. എല്ലാം അത് കൈകാര്യം ചെയ്യുന്നു, ഒരേ ലക്ഷ്യത്തോടെ. മാനവതയുടെ മാർഗദർശനമാണത്. അതിനാൽ ഖുർആന്റെ കേന്ദ്രബിന്ദു മനുഷ്യനാണ്. അവൻ ആരെന്ന് അത് പറഞ്ഞുതരുന്നു. ജീവിതം എന്താണെന്നും എന്തിനെന്നും എങ്ങനെയാവണമെന്നും വിശദീകരിക്കുന്നു. മരണശേഷം വരാനുള്ളവ വിവരിക്കുന്നു. പരലോകത്തെപ്പറ്റി പറഞ്ഞുതരുന്നു.

സ്വർഗ-നരകങ്ങളെ പരിചയപ്പെടുത്തുന്നു.

വായിക്കാനാവശ്യപ്പെട്ട് അവതീർണമായ ഗ്രന്ഥമാണത്. അതിന്റെ അകം അറിവിന്റെ അതിരുകളില്ലാത്ത ലോകമാണ്. ഏത് സങ്കീർണ പ്രശ്നങ്ങൾക്കു മത് പരിഹാരം നിർദേശിക്കുന്നു. ഇരുൾമുറ്റിയ ജീവിതമേഖലകളിലെല്ലാം പ്രകാശം പരത്തുന്നു. സത്യം, സമത്വം, സാഹോദര്യം, നീതി, ന്യായം, യുദ്ധം, സന്ധി എല്ലാറ്റിനെയും ദിവ്യവെളിച്ചത്തിൽ വിലയിരുത്തുന്നു. മാതാപിതാക്കൾ, മക്കൾ, ഇണകൾ, അയൽക്കാർ, അനാഥർ, അഗതികൾ, തൊഴിലാളികൾ, തൊഴിലുടമകൾ, ഭരണാധികാരികൾ, ഭരണീയർ എല്ലാവർക്കുമിടയിലെ പരസ്പരബന്ധം എവ്വിധമാകണമെന്ന് നിർദേശിക്കുന്നു. ഓരോരുത്തരുടെയും അവകാശ-ബാധ്യതകൾ നിർണയിക്കുന്നു.

അതിൽ ഇടംകിട്ടാത്ത ഇടപാടുകളില്ല. വിശകലനം ചെയ്യാത്ത വിഷയങ്ങളില്ല. എല്ലാറ്റിലും ഏറ്റവും ശരിയായത് കാണിച്ചുതരുന്നു. പരമമായ സത്യത്തിലേക്ക് വഴിനടത്തുന്നു. ഖുർആൻ ജീവിതത്തെയും മരണത്തെയും ബന്ധിപ്പിക്കുന്നു. ഇഹലോകത്തെയും പരലോകത്തെയും കൂട്ടിയിണക്കുന്നു.

നാം ജീവിക്കുന്ന ഭൗതിക പ്രപഞ്ചത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് അഭൗതിക കാര്യങ്ങൾ മനസ്സിലാക്കുന്നതിന് ഏറെ പരിമിതികളുണ്ട്. അതിനാൽ ഖുർആനിലൂടെ അല്ലാഹു മനുഷ്യനോട് സംസാരിച്ചപ്പോൾ സ്വീകരിച്ച ഭാഷയും ശൈലിയും സമൂഹത്തിന് മനസ്സിലാവുംവിധമുള്ളതാണ്. അല്ലാഹു, സ്വർഗം, അവിടത്തെ അരുവികൾ, പഴങ്ങൾ, നരകം, അതിലെ ശിക്ഷകൾ, മലക്കുകൾ, പിശാചുക്കൾ പോലുള്ളവയെ സംബന്ധിച്ച ഖുർആനിക പരാമർശങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നു. അതിനാൽ അഭൗതിക യാഥാർഥ്യങ്ങളെ സംബന്ധിച്ച വിവരങ്ങളെല്ലാം മനുഷ്യന് മനസ്സിലാകുന്ന ശൈലിയിൽ സമർപ്പിക്കപ്പെട്ടവയാണെന്നും ആത്യന്തികമായ യാഥാർഥ്യങ്ങൾ ഭൂമിയിൽ വെച്ച് മനുഷ്യന് ഉൾകൊള്ളാൻ കഴിയുന്നതിന് അതീതമാണെന്നും അംഗീകരിച്ചുകൊണ്ടായിരിക്കണം ഖുർആൻ പാരായണം ചെയ്യുന്നത്. മറിച്ചായാൽ അല്ലാഹുവിന്റെ കൈ, സിംഹാസനം, കേൾവി, കാഴ്ച, സ്വർഗത്തിലെ നദികൾ, പഴങ്ങൾ പോലുള്ള അനേകം ഖുർആനിക പരാമർശങ്ങൾ ആശയക്കുഴപ്പങ്ങൾക്ക് വഴിവെച്ചേക്കും.

പൂർവിക സമൂഹങ്ങളുടെ നിരവധി ചരിത്ര സംഭവങ്ങൾ ഖുർആൻ സമർപ്പിക്കുന്നു. എന്നാൽ അവയുടെ കാലമേതെന്ന് പറഞ്ഞിട്ടില്ല. മനുഷ്യരാശിയുടെ ഗതകാലാനുഭവങ്ങളിൽനിന്ന് പാഠമുൾക്കൊണ്ട് ജീവിതത്തെ ദീപ്തമാക്കുകയെന്ന ഖുർആന്റെ ലക്ഷ്യസാക്ഷാൽക്കാരത്തിന് ചരിത്രസംഭവങ്ങളെ കാലവുമായി ബന്ധിപ്പിക്കേണ്ടതില്ല. അതുകൊണ്ടുതന്നെ മർമങ്ങളിൽ ശ്രദ്ധപതിയാൻ ആവശ്യമായ സമീപനമാണ് ഖുർആൻ ആദ്യാവസാനം സ്വീകരിച്ചത്.

കാലം കണ്ട ഏറ്റവും കരുത്തുറ്റ വിപ്ലവം സൃഷ്ടിച്ച ഗ്രന്ഥമാണ് ഖുർആൻ. അന്ധവിശ്വാസികളെ സത്യവിശ്വാസികളും നിരക്ഷരരെ സാക്ഷരരും പ്രാകൃതരെ പരിഷ്കൃതരും കാട്ടാളരെ നാഗരികരും പരുഷപ്രകൃതരെ പര



മദയാലുക്കളും ക്രൂരരെ കരുണാർദ്രരും പരാക്രമികളെ പരോപകാരികളും ഭീരുക്കളെ ധീരരും കിരാതരെ സ്നേഹമയരുമാക്കി. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അക്രമങ്ങൾക്കും അനീതികൾക്കും അറുതിവരുത്തി.

സാമൂഹിക ഉച്ചനീചത്വവും സാംസ്കാരികജീർണതയും രാഷ്ട്രീയ അടിമത്തവും ധാർമികത്തകർച്ചയും സാമ്പത്തിക ചൂഷണവും ഇല്ലാതാക്കി.

അടിമകളുടെയും അധഃസ്ഥിതരുടെയും നില മെച്ചപ്പെടുത്തി. അഗതികൾക്കും അനാഥർക്കും അവശർക്കും അശരണർക്കും ആശ്വാസമേകി. സ്ത്രീകളുടെ പദവി ഉയർത്തി. കുട്ടികൾക്ക് മുന്തിയ പരിഗണന നൽകി.

തൊഴിലാളികൾക്ക് മാന്യത നേടിക്കൊടുത്തു. പാവപ്പെട്ടവർക്ക് പരിരക്ഷ നൽകി. വ്യക്തിജീവിതത്തെ വിശുദ്ധവും കുടുംബഘടനയെ ഭദ്രവും സമൂഹത്തെ സംസ്കൃതവും രാഷ്ട്രത്തെ ക്ഷേമപൂർണവും ലോകത്തെ പ്രശാന്തവുമാക്കി. നിസ്തുലമായ സാംസ്കാരിക-നാഗരികതകൾക്ക് ജന്മമേകി.

സ്വയം ദൈവികമെന്ന് അവകാശപ്പെടുന്ന ഏകഗ്രന്ഥം ഖുർആനാണ്. ഒരക്ഷരം പോലും ഒഴിയാതെ എല്ലാം അല്ലാഹുവിൽനിന്നുള്ളതാണെന്ന് അതവകാശപ്പെടുന്നു.

അതോടൊപ്പം നിരവധി പ്രവചനങ്ങൾ നടത്താൻ ധൈര്യപ്പെടുന്നു. പരാജിതരായ റോമക്കാർ പത്തുകൊല്ലത്തിനകം ജയിക്കുമെന്ന് പ്രഖ്യാപിക്കുന്നു.

നന്നെ നിസ്സഹായാവസ്ഥയിലായിരുന്ന പ്രവാചകനും അനുചരന്മാരും വിജയം വരിക്കുമെന്നും പ്രഗൽഭരും പ്രബലരുമായ പ്രതിയോഗികൾ പരാജിതരാവുമെന്നും പ്രവചിക്കുന്നു.

ദൈവദൂതനെ വധിക്കാൻ ശത്രുക്കൾ സകലശ്രമവും നടത്തിക്കൊണ്ടിരിക്കെ അദ്ദേഹത്തിന്റെ സമ്പൂർണ സുരക്ഷിതത്വം വാഗ്ദാനം ചെയ്യുന്നു. അങ്ങനെ എത്രയെത്ര പ്രവചനങ്ങൾ! ഒന്നെങ്കിലും പിഴച്ചിരുന്നെങ്കിൽ ഖുർആന്റെ അവകാശവാദങ്ങളൊക്കെ തകർന്നടിയുമായിരുന്നു. ദൈവികത തീർത്തും ചോദ്യം ചെയ്യപ്പെടുമായിരുന്നു. ഖുർആന്റെ പ്രവചനങ്ങളെല്ലാം പരമാർഥമായി പുലർന്നു. ഒന്നുപോലും പിഴച്ചില്ല.

ദൈവികമെന്ന് ഉദ്ഘോഷിച്ചുകൊണ്ടു തന്നെ അത് നിരവധി ശാസ്ത്രസത്യങ്ങൾ വെളിപ്പെടുത്തി. അവയൊന്നും അന്ന് നിലവിലുണ്ടായിരുന്ന നിഗമനങ്ങളോ സങ്കൽപങ്ങളോ ആയിരുന്നില്ല. ആയിരുന്നെങ്കിൽ കാലപ്രവാഹത്തിൽ പിഴവ് പ്രകടമാകുമായിരുന്നു. അന്നത്തെ ജനത്തിന് അജ്ഞാതമായിരുന്ന പ്രാപഞ്ചിക സത്യങ്ങളും പ്രകൃതിനിയമങ്ങളുമാണ് ഖുർആൻ അനാവരണം ചെയ്തത്. പിന്നിട്ട പതിനാല് നൂറ്റാണ്ടുകളിലൂടെ അവയുടെ സത്യത തെളിയിക്കപ്പെട്ടു.

വരുംനൂറ്റാണ്ടുകൾ അവക്ക് കൂടുതൽ വ്യക്തത നൽകും. ഖുർആൻ പറഞ്ഞതൊന്നുപോലും പിഴച്ചിട്ടില്ല. ചരിത്രകഥനത്തിലും ഇതുതന്നെ സംഭവിച്ചു. അന്നത്തെ ജനത്തിനറിയാത്ത പലതും ഖുർആൻ പറഞ്ഞു. നിലവിലുണ്ടായിരുന്ന പല ധാരണകളെയും തിരുത്തി. അതൊക്കെയും അർഥ

പൂർണമായിരുന്നുവെന്ന് പിൽക്കാല പഠനങ്ങൾ തെളിയിച്ചു.

ഹോമർ, റൂമി, ഷേക്സ്പിയർ, ഗോയ്ഥേ, ഗാലിബ്, ടാഗോർ, ഇഖ്ബാൽ, ടോൾസ്റ്റോയി, ഷെല്ലി, എല്ലാവരുടെയും കൃതികൾ ഉത്കൃഷ്ടം തന്നെ. എന്നാൽ, അവരുടെ രചനകളിലെ പല പദങ്ങളും ഇന്ന് പ്രയോഗത്തിലില്ല. ഭാഷയിലും ശൈലിയിലും മാറ്റം വന്നിരിക്കുന്നു. യേശുവിന്റെ ഭാഷ-അരാമിക്- ഇന്ന് എവിടെയും നിലവിലില്ല. ബൈബിൾ എഴുതപ്പെട്ട ഭാഷയും അവ്വിധം തന്നെ. ഇന്ത്യയിലെ വേദഭാഷയായ സംസ്കൃതവും ഇന്ന് ജീവൽഭാഷയല്ല.

എന്നാൽ, ഇന്ന് ഉപയോഗത്തിലില്ലാത്ത ഒറ്റ പദവും ഖുർആനിലില്ല. ആധുനിക അറബി സാഹിത്യത്തിലെ ഏറ്റവും മികച്ച ശൈലിയും പ്രയോഗവും ഖുർആനിന്റേതുതന്നെ.

അതുകൊണ്ടുതന്നെ, ദൈവികമെന്ന അവകാശവാദത്തോടെ സമാനമായ ഒരു ഭാഗമെങ്കിലും കൊണ്ടുവരാൻ ഖുർആൻ ഉയർത്തിയ വെല്ലുവിളി ഇന്നും കരുത്തോടെ നിലനിൽക്കുന്നു. അത് സമൂഹ സമക്ഷം സമർപ്പിച്ച സമഗ്രമായ ജീവിത വ്യവസ്ഥ നിത്യനൂതനവും അജയ്യവുമായി നിലകൊള്ളുന്നു. സമകാലീന ലോകം ഉയർത്തുന്ന സമസ്ത പ്രശ്നങ്ങൾക്കും ദൈവിക പരിഹാരം നിർദേശിക്കുന്ന ഖുർആൻ മനുഷ്യരാശിയെ അതിലേക്ക് ക്ഷണിച്ചുകൊണ്ടേയിരിക്കുന്നു.

“ഈ ഖുർആനിനെ നാം ചിന്തിച്ചറിയാനും ഓർക്കാനുമായി ലളിതമാക്കിയിരിക്കുന്നു. അതിനാൽ ആലോചിച്ചു മനസ്സിലാക്കുന്ന ആരെങ്കിലുമുണ്ടോ?” (ഖുർആൻ 54: 17)

അന്ധകാരം മുറ്റിയ അർധരാത്രിയിൽ നാൽക്കവലയിലെത്തി മാർഗമറിയാതെ വിഷമിക്കുന്ന യാത്രക്കാരനിൽ, വെളിച്ചവുമായി വന്നെത്തുന്ന വഴികാട്ടി ഉണ്ടാക്കുന്ന സന്തോഷം വിവരണാതീതമത്രെ. വിശുദ്ധ ഖുർആൻ അത്തരമൊരു വഴികാട്ടിയാണ്. ലോകത്ത് ഒരുപാട് പാതകളുണ്ട്. പക്ഷേ, വിജയത്തിന്റെ വഴി ഏതെന്ന് വ്യക്തമല്ല. നന്മയും തിന്മയും ശരിയും തെറ്റും നീതിയും അനീതിയും ധർമവും അധർമവും വിവേചിച്ചറിയാൻ ആർക്കും സ്വയം സാധ്യമല്ല. ജീവിതത്തിന്റെ അർഥവും ലക്ഷ്യവും കണ്ടെത്താനാവില്ല. മനുഷ്യൻ ആരാണെന്നും എവിടെനിന്ന് വന്നുവെന്നും എങ്ങോട്ടുപോവുന്നുവെന്നും ജീവിതം എന്താണെന്നും എന്തിനാണെന്നും എങ്ങനെയാവണമെന്നും മനസ്സിലാവുകയില്ല. അതിനാൽ അവയെല്ലാം അഭ്യസിപ്പിക്കുന്ന ഒരധ്യാപകൻ അനിവാര്യമാണ്. ഒട്ടും പിഴവുപറ്റാത്ത ഒരു വഴികാട്ടി. ആ മാർഗദർശകനാണ് വിശുദ്ധഖുർആൻ. “ഈ ഖുർആൻ ഏറ്റം ശരിയായതിലേക്ക് വഴികാണിക്കുന്നു; തീർച്ച. ” (17: 9)

ഖുർആൻ സത്യാസത്യസരണികൾ കാണിച്ചുതരുന്നു. അനുവദനീയതയുടെയും നിഷിദ്ധതയുടെയും അതിരടയാളങ്ങൾ നിർണയിക്കുന്നു. വിധിവിലക്കുകൾ പഠിപ്പിക്കുന്നു. സാന്മാർഗിക നിർദേശങ്ങൾ നൽകുന്നു. ധാർമിക മൂല്യങ്ങൾ അഭ്യസിപ്പിക്കുന്നു. സ്വർഗത്തിലേക്കും നരകത്തിലേക്കുമുള്ള വഴികൾ ചൂണ്ടിക്കാണിക്കുന്നു. പൂർവസമൂഹങ്ങളുടെ ഉത്ഥാന പതനങ്ങളുടെ ചരിത്രവും അതിൽനിന്ന് ഉൾക്കൊള്ളേണ്ട പാഠങ്ങളും അഭ്യസിപ്പിക്കുന്നു. അതിനാൽ മനുഷ്യന്റെ വിജയവും പരാജയവും സ്വർഗവും നരകവും തീരുമാനിക്കുന്നതിന്റെ അടിസ്ഥാന പ്രമാണമാണ് ഖുർആൻ. അത് സകല മനുഷ്യർക്കും സ്വസ്ഥതയോടെയും സമാധാനത്തോടെയും സ്വൈരത്തോടെയും സഞ്ചരിക്കാൻ സാധിക്കുന്ന സുഗമമായ മാർഗം നിർണയിക്കുന്നു. മരണാനന്തരം മറുലോകത്തുണ്ടാവാനിരിക്കുന്ന ജീവിതത്തിൽ വിജയം ഉറപ്പുവരുത്തുന്ന ഏക വഴി!



ഖുർആൻ അഗാധമായ ഒരാഴി പോലെയാണ്. എത്രയേറെ ആഴത്തിലേക്ക് ഊളിയിട്ടുചെല്ലുന്നുവോ അത്രയേറെ അമൂല്യമായ മുത്തുകളും ചിപ്പികളും ലഭിക്കും. പുറമെ നോക്കിനിൽക്കുന്നവർക്കും ഉപരിതലത്തിൽ മാത്രം നീന്തിത്തുടിക്കുന്നവർക്കും കാര്യമായൊന്നും കിട്ടുകയില്ല. അപ്രകാരം ഖുർആൻ ആഴത്തിൽ പഠിക്കുന്നവർക്കാണ് മഹത്തായ നേട്ടം കിട്ടുക. അതിലെ വാക്യങ്ങളെ സംബന്ധിച്ച പഠനത്തിന്റെയും ചിന്തയുടെയും തോതനുസരിച്ചാണ് ഫലം ലഭിക്കുക. ഓരോ ആവൃത്തി പഠന പാരായണം നടത്തുമ്പോഴും പുതിയ പുതിയ ആശയങ്ങളും തത്വങ്ങളും അറിവുകളും ലഭ്യമാകുന്നു.

ഖുർആനിലെ വാക്യങ്ങളൊരിക്കലും വ്യാഖ്യാനങ്ങളിലൊതുങ്ങുകയില്ല. അനർഘമായ ആശയങ്ങളും അറിവുകളും അതിൽ അടുക്കിവെക്കപ്പെട്ടിരിക്കുന്നു. അതിനാൽ പുതിയ പഠനവും പരിചിന്തനവും നടത്തുന്ന ആർക്കും മുൻഗാമികൾ കണ്ടെത്തിയിട്ടില്ലാത്ത പല ആശയങ്ങളും ലഭിക്കും. ഖുർആൻ അറിവിന്റെ അക്ഷയനിധിയാണെന്ന് പറയാനുള്ള കാരണവും അതുതന്നെ.

“പറയുക: കടൽവെള്ളം എന്റെ നാഥന്റെ വചനങ്ങളെഴുതാനുള്ള മഷിയായിരുന്നെങ്കിൽ എന്റെ നാഥന്റെ വചനങ്ങളവസാനിക്കും മുമ്പെ സമുദ്രജലം തീർന്നുപോകുമായിരുന്നു. തുല്യമായ മറ്റൊരു സമുദ്രജലവും കൂടി സഹായത്തിനായി നാം കൊണ്ടുവന്നാലും ശരി.” (ഖുർആൻ 18: 109)

ഖുർആന്റെ ആശയംപോലെത്തന്നെ ഭാഷയും അല്ലാഹുവിന്റേതാണ്. അതിനാൽ പരിഭാഷക്കു പൂർണമായും വഴങ്ങുന്ന ഗ്രന്ഥമല്ല ഖുർആൻ. അതോടൊപ്പം മാനവസമൂഹത്തെ നേർവഴിയിലേക്കു നയിക്കാനായി ദൈവം നൽകിയ ഗ്രന്ഥമെന്ന നിലയിൽ അതിന്റെ ഉള്ളടക്കം കാല, ദേശ, ഭാഷാ ഭേദമില്ലാതെ ഏവർക്കും മനസ്സിലാവുകയും വേണം. ഇതു സാധ്യമാവണമെങ്കിൽ ലോകത്തിലെ എല്ലാ ഭാഷകളിലും ഖുർആന്റെ ആശയ വിവർത്തനങ്ങൾ പുറത്തുവരേണ്ടതുണ്ട്.

ഈ ഉദ്ദേശ്യത്തോടെ തയ്യാറാക്കപ്പെട്ട ഖുർആന്റെ ആശയവിവർത്തനമാണ് വായനക്കാരുടെ കൈകളിലുള്ള ഈ ലളിതസാരം; നേരത്തെ പ്രസിദ്ധീകരിക്കപ്പെട്ട ഈഗ്രന്ഥത്തിന്റെ അവസാനത്തെ അഞ്ച് ജുസ്അ് വാക്കർഥം ഉൾപ്പെടുത്തി തയ്യാറാക്കിയതാണിത്. അല്ലാഹു അനുഗ്രഹിച്ചെങ്കിൽ ബാക്കി ഭാഗം വാക്കർഥത്തോടെ വൈകാതെ പുറത്തിറക്കുന്നതാണ്.

ഇതിന്റെ ഭാഷാപരിഷ്കരണത്തിൽ സഹായിച്ചത് പ്രിയസുഹൃത്ത് വാണി ദാസ് എളയാവൂരാണ്.

ഏതു സാധാരണക്കാർക്കും എളുപ്പത്തിൽ വായിച്ചു മനസ്സിലാക്കാൻ സാധിക്കുന്ന ശൈലിയാണ് ഇതിൽ സ്വീകരിച്ചത്. കുറ്റമറ്റതും തെളിമലയാ ളത്തിൽ തടസ്സമില്ലാതെ വായിക്കാൻ കഴിയുന്നതുമായിത്തീരാൻ പരമാവധി ശ്രമിച്ചിട്ടുമുണ്ട്. എങ്കിലും അബദ്ധങ്ങൾ സംഭവിച്ചിരിക്കാൻ സാധ്യതയുണ്ട്. ഉള്ളടക്കത്തിലോ ഭാഷയിലോ ശൈലിയിലോ പ്രയോഗത്തിലോ വല്ല വീഴ്ച കളും ശ്രദ്ധയിൽ പെട്ടാൽ അറിയിക്കാനും യുക്തമെന്നു തോന്നുന്ന തിരു ത്തലുകൾ നിർദേശിക്കാനും ദയവുണ്ടാവണമെന്ന് വിനീതമായി അഭ്യർഥി ക്കുന്നു.

ഇതിന്റെ സൂക്ഷ്മ പരിശോധനയിൽ പങ്കുവഹിച്ച പ്രമുഖ പണ്ഡിതന്മാ രായ കെ.ടി. അബ്ദുർറഹീം സാഹിബ് ശാന്തപുരം, എ. മുഹമ്മദലി സാഹി ബ്, വി.കെ. അലി സാഹിബ്, അബ്ദുർറഹ്മാൻ മുന്നൂര് എന്നിവരോട് അനൽപമായ കടപ്പാടുണ്ട്.

ഒറ്റവാക്കിന്റെ അർഥം തയ്യാറാക്കിയത് പ്രമുഖ പണ്ഡിതനായ കാടേരി മുഹമ്മദ് സാഹിബാണ്.

ഇത് വായിക്കുകയും ഭംഗിയായി രൂപകൽപന നൽകുകയും ചെയ്ത സലീം മുണ്ടുമുഴി, പ്രൂഫ് പരിശോധിച്ച സി.പി. ജൗഹർ, എൻ.കെ. അബ്ദുൽ മജീദ്, എം.എസ്. അബ്ദുർറശീദ്, ഡി.ടി.പി. ജോലി നിർവഹിച്ച സമീർ ചേന്ദ മംഗല്ലൂർ, അമീൻ എൻ.പി, ആർട്ടിസ്റ്റ് നാസർ എരമംഗലം എന്നിവരോടും നന്ദിയുണ്ട്. അല്ലാഹു എല്ലാവർക്കും അർഹമായ പ്രതിഫലം നൽകി അനു ഗ്രഹിക്കുമാറാകട്ടെ.

സർവശക്തനായ നാഥാ, നിന്റെ വചനങ്ങളുടെ ആശയം പ്രകാശിപ്പി ക്കുന്നതിൽ വല്ല പിഴവും പറ്റിയിട്ടുണ്ടെങ്കിൽ പൊറുത്തുതരേണമേ. നിന്റെ ഗ്രന്ഥത്തിന്റെ ഉള്ളടക്കം മലയാളികളിലെങ്ങും വ്യാപകമായി പ്രചരിക്കാൻ ഇത് ഉപകരിക്കുമാറാകേണമേ. പരലോകത്ത് നിന്റെ സന്നിധിയിലെത്തു മ്പോൾ ഇത് മഹത്തായ സൽക്കർമമായി സ്വീകരിച്ച് അളവറ്റ പ്രതിഫലം നൽകി അനുഗ്രഹിക്കേണമേ.

വെള്ളിമാടുകുന്ന് **-ശൈഖ് മുഹമ്മദ് കാരകുന്ന്**

26.09.2006

## അധ്യായ ക്രമം


| നമ്പർ | അധ്യായം | പേജ് |
|---|---|---|
| 1. | അൽഫാതിഹ | 21 |
| 46. | അൽഅഹ്ഖാഫ് | 23 |
| 47. | മുഹമ്മദ് | 42 |
| 48. | അൽഫത്ഹ് | 59 |
| 49. | അൽഹുജുറാത് | 76 |
| 50. | ഖാഫ് | 86 |
| 51. | അദ്ദാരിയാത് | 99 |
| 52. | അത്ത്വൂർ | 112 |
| 53. | അന്നജ്മ് | 123 |
| 54. | അൽഖമർ | 135 |
| 55. | അർറഹ്മാൻ | 148 |
| 56. | അൽവാഖിഅ | 160 |
| 57. | അൽഹദീദ് | 174 |
| 58. | അൽമുജാദില | 191 |
| 59. | അൽഹശ്ർ | 204 |
| 60. | അൽമുംതഹിന | 218 |
| 61. | അസ്സ്വഫ്ഫ് | 229 |
| 62. | അൽജുമുഅ | 236 |
| 63. | അൽമുനാഫിഖൂൻ | 242 |
| 64. | അത്തഗാബുൻ | 248 |
| 65. | അത്ത്വലാഖ് | 256 |
| 66. | അത്തഹ്രീം | 265 |
| 67. | അൽമുൽക്ക് | 273 |
| 68. | അൽഖലം | 283 |
| 69. | അൽഹാഖ | 294 |
| 70. | അൽമആരിജ് | 303 |
| 71. | നൂഹ് | 311 |
| 72. | അൽജിന്ന് | 318 |
| 73. | അൽമുസ്സമ്മിൽ | 326 |
| 74. | അൽമുദ്ദസ്സിർ | 333 |
| 75. | അൽഖിയാമ | 342 |
| 76. | അദ്ദഹ്ർ (അൽഇൻസാൻ) | 349 |

| | | |
|---|---|---|
| 77. | അൽമുർസലാത് | 357 |
| 78. | അന്നബഅ് | 365 |
| 79. | അന്നാസിആത് | 372 |
| 80. | അബസ | 379 |
| 81. | അത്തക്‌വീർ | 385 |
| 82. | അൽഇൻഫിത്വാർ | 390 |
| 83. | അൽമുതഫ്ഫിഫീൻ | 394 |
| 84. | അൽഇൻശിഖാഖ് | 400 |
| 85. | അൽബുറൂജ് | 405 |
| 86. | അത്ത്വാരിഖ് | 409 |
| 87. | അൽഅഅ്ലാ | 412 |
| 88. | അൽഗാശിയ | 415 |
| 89. | അൽഫജ്ർ | 419 |
| 90. | അൽബലദ് | 424 |
| 91. | അശ്ശംസ് | 428 |
| 92. | അല്ലൈൽ | 431 |
| 93. | അദ്ദുഹാ | 434 |
| 94. | അശ്ശർഹ് | 436 |
| 95. | അത്തീൻ | 438 |
| 96. | അൽഅലഖ് | 440 |
| 97. | അൽഖദ്ർ | 443 |
| 98. | അൽബയ്യിന | 445 |
| 99. | അസ്സൽസല | 448 |
| 100. | അൽആദിയാത് | 450 |
| 101. | അൽഖാരിഅ | 452 |
| 102. | അത്തകാഥുർ | 454 |
| 103. | അൽഅസ്ർ | 456 |
| 104. | അൽഹുമസ | 457 |
| 105. | അൽഫീൽ | 459 |
| 106. | ഖുറൈശ് | 461 |
| 107. | അൽമാഊൻ | 462 |
| 108. | അൽകൗഥർ | 464 |
| 109. | അൽകാഫിറൂൻ | 465 |
| 110. | അന്നസ്ർ | 467 |
| 111. | അൽമസദ് (അല്ലഹബ്) | 468 |
| 112. | അൽഇഖ്‌ലാസ് | 470 |
| 113. | അൽഫലഖ് | 471 |
| 114. | അന്നാസ് | 473 |




## വായനക്കുമുമ്പ്

**അധ്യായം:** ഖുർആനിൽ ആകെ 114 അധ്യായമാണുള്ളത്. സാങ്കേതിക ഭാഷയിൽ ഇതിന് 'സൂറത്ത്' എന്നാണ് പറയുക. ഏറ്റവും വലിയ അധ്യായം രണ്ടാമത്തേതും ചെറുത് നൂറ്റി എട്ടാമത്തേതുമാണ്. 46 മുതൽ അവസാനം വരെയുള്ള അധ്യായങ്ങളാണ് ഈ കൃതിയിലുള്ളത്. പ്രാരംഭ പ്രാർഥന എന്ന നിലയിൽ സൂറതുൽ ഫാതിഹയും ആദ്യത്തിൽ ചേർത്തിട്ടുണ്ട്.

അധ്യായങ്ങളുടെ വിഭജനവും പേരുമെല്ലാം ദൈവികമാണ്. പേരുകൾക്ക് ഉള്ളടക്കവുമായി വിഷയപരമായ ബന്ധമുണ്ടാകണമെന്നില്ല. അധ്യായത്തിൽ വന്ന ഏതെങ്കിലും പദമോ വിഷയമോ ആയി എന്തെങ്കിലും ബന്ധമുണ്ടാകുമെന്നേയുള്ളൂ.

**അവതരണം:** പ്രവാചകത്വത്തിനുശേഷം മുഹമ്മദ് നബി തിരുമേനി പതിമൂന്നു വർഷം മക്കയിലും പത്തുവർഷം മദീനയിലുമാണല്ലോ താമസിച്ചത്. മദീനയാത്രക്കുമുമ്പുള്ള അധ്യായങ്ങൾ മക്കയിൽ അവതരിച്ചവയായും ശേഷമുള്ളവ മദീനയിൽ അവതരിച്ചവയായും ഗണിക്കപ്പെടുന്നു. അവതരണം എവിടെയാണുണ്ടായതെന്ന് ഓരോ അധ്യായത്തിന്റെയും ആരംഭത്തിൽ കാണിച്ചിട്ടുണ്ട്.

**സൂക്തം:** ഓരോ അധ്യായത്തിലെയും വാക്യങ്ങൾ നമ്പറിട്ട് വേർതിരിച്ചിട്ടുണ്ട്. ഈ വാക്യങ്ങൾക്ക് സൂക്തമെന്നാണ് പറയുക. സാങ്കേതിക ഭാഷയിൽ 'ആയത്ത്'. സൂക്തങ്ങളുടെ വേർതിരിവും ദൈവികമാണ്. അത്യാവശ്യ സ്ഥലങ്ങളിലൊഴികെ ഓരോ സൂക്തവും ഓരോ ഖണ്ഡികയായാണ് ചേർത്തിട്ടുള്ളത്.

## വായിക്കുമ്പോൾ

- മനസ്സിനെ മറ്റെല്ലാ ചിന്തകളിൽനിന്നും പൂർണമായും മോചിപ്പിച്ച് മുഴു ശ്രദ്ധയും വായനയിൽ കേന്ദ്രീകരിക്കുക.
- ഇതിലെ എല്ലാം ദൈവം നമ്മോടു പറയുന്നതാണെന്ന ബോധം സദാ സജീവമായി നിലനിർത്തുക.
- പരലോകശിക്ഷയെക്കുറിച്ച് പറയുമ്പോൾ അതിൽനിന്ന് രക്ഷ നൽകാനും സ്വർഗത്തെപ്പറ്റി പരാമർശിക്കുമ്പോൾ അതിന്റെ അവകാശിയാകാനും പ്രപഞ്ചനാഥനോടു പ്രാർഥിക്കുക.
- സച്ചരിതരെ സംബന്ധിച്ചു പറയുമ്പോൾ അവരിലുൾപ്പെടാനും ദുർമാർഗികളെക്കുറിച്ച് വിവരിക്കുമ്പോൾ അവരിൽ പെടാതിരിക്കാനും പ്രാർഥിക്കുക.
- ദൈവത്തിന്റെ മഹത്വം വിവരിക്കുന്ന ഭാഗം പാരായണം ചെയ്യുമ്പോൾ അവനെ വാഴ്ത്തുകയും കീർത്തിക്കുകയും ചെയ്യുക.
- ഇവ്വിധം ഇതിന്റെ പാരായണം സ്രഷ്ടാവുമായി സംവദിക്കാനുള്ള അവസരമാക്കി മാറ്റുക.



“ഈ ഖുർആനിനെ നാം
ചിന്തിച്ചറിയാനായി ലളിതമാക്കിയിരിക്കുന്നു.
അതിനാൽ ആലോചിച്ചറിയുന്ന ആരെങ്കിലുമുണ്ടോ?”

(ഖുർആൻ 54:17)

“അവർ ഖുർആൻ ആഴത്തിൽ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ?
അതല്ല; അവരുടെ ഹൃദയങ്ങളെ താഴിട്ട് പൂട്ടിയിട്ടുണ്ടോ?”

(ഖുർആൻ 47:24)

“ഈ ഖുർആൻ
ഏറ്റം ശരിയായതിലേക്ക് വഴികാണിക്കുന്നു; തീർച്ച.”

(ഖുർആൻ 17:9)